## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2876 — 06.11.2019 -ൽ മറുപടിക്ക്

### തൊഴിൽമേളകൾ

| ചോദ്യം<br>ശ്രീ.ടി.വി.ഇബ്രാഹിം | | ഉത്തരം<br>ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ തൊഴിൽമേളകൾ നടത്താറുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിലുള്ള വിവിധ പദ്ധതികളുടെ ഭാഗമായി തൊഴിൽ മേളകൾ നടത്തുന്നുണ്ട്. വകുപ്പിന് കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്റർ എന്നിവ മുഖേന വിവിധ സ്വകാര്യ തൊഴിൽദായകരെ പങ്കെടുപ്പിച്ച് ഉദ്യോഗാർത്ഥികൾക്ക് സൗജന്യമായി തൊഴിൽ മേളകൾ നടത്താറുണ്ട്. കൂടാതെ മേഖലാടിസ്ഥാനത്തിൽ സ്വകാര്യ തൊഴിൽദായകരെ പങ്കെടുപ്പിച്ച് നിയുക്തി മെഗാ ജോബ് ഫെയറുകളും നടത്താറുണ്ട്. |
| (ബി) | സംസ്ഥാന/ജില്ലാ/നിയോജക മണ്ഡലം തലങ്ങളിൽ തൊഴിൽ മേളകൾ നടത്തുന്നതിനുള്ള സർക്കാർ സംവിധാനങ്ങൾ അറിയിക്കാമോ; | (ബി) | സംസ്ഥാനതലത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന മേഖലകളിലായി നിയുക്തി മെഗാ ജോബ് ഫെയറുകൾ സംഘടിപ്പിക്കുന്നുണ്ട്. ആയതിലേയ്ക്ക് സ്വകാര്യ തൊഴിൽദായകരും തൊഴിലന്വേഷകരും രജിസ്റ്റർ ചെയ്യുന്നതിനായി www.jobfest.kerala.gov.in എന്ന വെബ്സൈറ്റ് നിലവിലുണ്ട്. ഈ തൊഴിൽമേളയുടെ സേവനം സൗജന്യമായാണ് ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നത്. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന ജില്ലാ അടിസ്ഥാനത്തിലും ജോബ് ഫെയറുകൾ നടത്തി വരുന്നുണ്ട്. ടി ജോബ് ഫെയറുകളും സൗജന്യമായാണ് നടത്തുന്നത്. കൂടാതെ തിരുവനന്തപുരത്ത് യൂണിവേഴ്സിറ്റി ഗൈഡൻസ് ബ്യൂറോയിൽ പ്രവർത്തിക്കുന്ന മോഡൽ കരിയർ സെന്റർ മുഖേനയും സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് |

| | | | |
|---|---|---|---|
| | | | പ്രാപ്യമാക്കുന്നതിന് നിശ്ചിത ഇടവേളകളിൽ പ്ലേസ്മെന്റ് ഡ്രൈവുകൾ സംഘടിപ്പിക്കുന്നു. ഇത് തികച്ചും സൗജന്യമായാണ് നടത്തുന്നത്. |
| (സി) | എംപ്ലോയബിലിറ്റി സെന്റർ മുഖേന സ്വകാര്യ സ്ഥാപനങ്ങളിലേക്ക് ഉദ്യോഗസ്ഥരെ നിയമിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വ്യവസ്ഥകൾ അറിയിക്കാമോ; | (സി) | എംപ്ലോയബിലിറ്റി സെന്റർ മുഖേന സ്വകാര്യ സ്ഥാപനങ്ങളിലേയ്ക്ക് വകുപ്പ് നേരിട്ട് നിയമനങ്ങൾ നടത്തുന്നില്ല. ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകി സ്വകാര്യ മേഖലയിലെ തൊഴിലുകൾ നേടുന്നതിന് പ്രാപ്തരാക്കുകയാണ് എംപ്ലോയബിലിറ്റി സെന്ററുകൾ ചെയ്യുന്നത്. ഇപ്രകാരം നൈപുണ്യ വികസനം നൽകുന്നതിന് ഓരോ ഉദ്യോഗാർത്ഥിയിൽ നിന്നും നിശ്ചിത ഫീസായി 250/- രൂപ ഈടാക്കുന്നുണ്ട്. അപ്രകാരം നൈപുണ്യ വികസനം നേടിയ ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിൽ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനായി ജോബ് ഫെയറുകളും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന സംഘടിപ്പിക്കുന്നുണ്ട്. |
| (ഡി) | എംപ്ലോയബിലിറ്റി സെന്റർ മുഖേന സ്വകാര്യ സ്ഥാപനങ്ങളിലേക്ക് ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുന്നതിനുള്ള ഇന്റർവ്യൂ ബോർഡിൽ അംഗങ്ങൾ ആരെല്ലാമെന്നും ഇതിന്റെ ഘടന നിശ്ചയിക്കുന്നത് ആരാണെന്നുമുള്ള വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | എംപ്ലോയബിലിറ്റി സെന്റർ മുഖേന നടത്തുന്ന തൊഴിൽ മേളകളിലൂടെ ഉദ്യോഗദായകർ ആവശ്യാനുസരണം നേരിട്ടാണ് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ഉദ്യോഗാർത്ഥികളെയും സ്വകാര്യ മേഖലയിലെ ഉദ്യോഗദായകരെയും തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള ഒരു വേദിയായിട്ടാണ് ഇത്തരം തൊഴിൽ മേളകൾ വിഭാവനം ചെയ്തിട്ടുള്ളത്. ബന്ധപ്പെട്ട ഉദ്യോഗദായകരാണ് അവരവരുടെ ഇന്റർവ്യൂ ബോർഡുകൾ നിശ്ചയിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**